# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1416 03.12.2015 -ൽ മറുപടിക്ക്**

## ദേശീയപാത വികസന നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ജി.സുധാകരൻ** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | ദേശീയപാത വികസനം സംബന്ധിച്ച നയം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച് 17 ഉം 47 ഉം സർവ്വീസ് റോഡുകളോട്ടു കൂടിയ 4 വരിപ്പാതയായി ബി.ഒ.റ്റി വ്യവസ്ഥയിൽ വികസിപ്പിക്കുവാനും മറ്റ് 5 ദേശീയ പാതകളായ എൻ.എച്ച് 49, എൻ.എച്ച് 208, എൻ.എച്ച് 212, എൻ.എച്ച് 213, എൻ.എച്ച് 220 എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോട്ടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ ബി.ഒ.റ്റി വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിന് ചുങ്കം ബാധകമാണ്. അതു പോലെ കോറിഡോർ അപ്രോച്ചിൽ വികസിപ്പിക്കുമ്പോഴും വികസനത്തിന് ആവശ്യമായി വരുന്ന തുക അനുസരിച്ച് ചുങ്കം പിരിക്കുവാനും കേന്ദ്ര മന്ത്രാലയം നിർദ്ദേശിക്കുവാൻ സാധ്യതയുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കയും ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ടോൾ ആക്ട് പ്രകാരമാണ് ദേശീയപാതകളിൽ ചുങ്കം ഏർപ്പെടുത്തുന്നത് |

| | |
|---|---|
| (സി) ദേശീയപാതകളുടെ വികസനം വഴി പാതകൾക്ക് ചുങ്കം ചുമത്തേണ്ടി വരുന്നത് ഒഴിവാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) കേന്ദ്ര സർക്കാർ നയമനുസരിച്ച് നിലവിൽ ചുങ്കം ഒഴിവാക്കി ദേശീയപാതാ വികസനം നടപ്പിലാക്കുവാൻ മാർഗ്ഗങ്ങൾ ഇല്ല. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചർച്ചകൾ നടത്തി സമീപ പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ടാകാത്ത മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ